

# പച്ചപ്പ്

## മണ്ണിലും മനസ്സിലും

Little Kites -OHSS Tirurangadi



ഒ എച്ച് എസ്.എസ് ലിറ്റിൽകൈറ്റ്സ്
പച്ചപ്പ് ഒരുക്കുകയാണ് .
ഡിജിറ്റൽ സാങ്കേതികവിദ്യയുടെ
സാധ്യതകൾ ഉപയോഗപ്പെടുത്തി
സ്ക്രൈബസ് സോഫ്റ്റ് വെയറിൽ
തയ്യാറാക്കിയ
ഡിജിറ്റൽ മാഗസിൻ
"പച്ചപ്പ് - മണ്ണിലും മനസ്സിലും ".
പേരു സൂചിപ്പിച്ചതുപോലെ ഇതിലെ
കൂടുതൽ സൃഷ്ടികളും മണ്ണിന്റെ പച്ചപ്പ്
തേടുന്നവയാണ് ,
അതു വഴി മനസ്സിന്റെ പച്ചപ്പും.
മണ്ണും മനസ്സും
നന്മകളുടെ പച്ചപ്പിനാൽ
തളിർത്തു നിൽക്കട്ടെ.
കുട്ടികളുടെ സർഗസൃഷ്ടികൾ
സാങ്കേതികവിദ്യയുടെ ചിറകിലേറി
വാനോളമുയരട്ടെ.

---

മാഗസിൻ സമിതി
ലിറ്റിൽകൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

MESSAGE



ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ "പച്ചപ്പ് - മണ്ണിലും മനസ്സിലും " കുട്ടികളുടെ സർഗാത്മക ശേഷികളെ പരിപോഷിപ്പിക്കാൻ അനുയോജ്യമായ ഒന്നാണെന്നതിൽ സംശയമില്ല. മാഗസിൻ ഡിസൈനിംഗിന്റെ വിവിധ തലങ്ങളെ കുറിച്ച് മനസ്സിലാക്കാനും അതിൽ പ്രാവീണ്യം നേടാനും ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കും. ഈ ഡിജിറ്റൽ മാഗസിൻ നിർമ്മാണ പ്രവർത്തനത്തിൽ ഭാഗമായ എല്ലാവർക്കും ആശംസകൾ നേരുന്നു.

സ്നേഹപൂർവം,

ഒ ഷൗക്കത്തലിമാസ്ററർ ( പ്രിൻസിപ്പാൾ )



ഓറിയന്റൽ എച്ച്.എസ്.എസ്. ലിറ്റിൽ കൈറ്റ്സ് ടീം ഒരുക്കിയ "പച്ചപ്പ് - മണ്ണിലും മനസ്സിലും " എന്ന ഡിജിറ്റൽ മാഗസിൻ സമിതിക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. കുട്ടികളുടെ സർഗാത്മക രചനകൾക്ക് വെളിച്ചം നൽകുക എന്നതിലുപരി മാഗസിൻ ഡിസൈനിംഗിന്റെ വിവിധ തലങ്ങളെ കുറിച്ച് കൂടി കുട്ടികൾക്ക് പരിശീലനം ലഭിക്കാൻ ഇത്തരം ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിലൂടെ സാധിക്കുന്നതാണ്. കൂടുതൽ ആളുകളിലേക്ക് കുട്ടികളുടെ സൃഷ്ടികൾ എത്തുന്നു എന്ന വലിയൊരു മേന്മ കൂടി ഇതിനുണ്ട്. മാഗസിൻ സമിതിക്ക് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവം,

, ടി അബ്ദുൽ റഷീദ് മാസ്റ്റർ (ഹെഡ്മാസ്റ്റർ)



വ്യത്യസ്തമായ പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ദേയമായൊരു ക്ലബ്ബാണ് നമ്മുടെ സകൂളിലെ ലിറ്റിൽകൈറ്റ്സ്. മാഗസിൻ ഡിസൈനിംഗുമായി ബന്ധപ്പെട്ട ഒരുപാട് ശേഷികൾ ഇത്തരം പ്രവർത്തനങ്ങൾ വഴി കുട്ടികൾക്ക് നേടിയെടുക്കാനാവുന്നു. മാഗസിന്റെ പേര് സൂചിപ്പിച്ചത് പോലെ നാം ജീവിക്കുന്ന മണ്ണിലും എല്ലാ മനുഷ്യരിലും നന്മയുടെ പച്ചപ്പുകൾ നിലനിൽക്കട്ടെ എന്നാശംസിക്കുന്നു. മാഗസിൻ സമിതിക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

സസ്നേഹം,

ടി.സി അബ്ദുന്നാസർ മാസ്റ്റർ (സ്റ്റാഫ് സെക്രട്ടറി



പ്രിയരേ,

ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ പ്രസിദ്ധീകരിക്കുന്ന പച്ചപ്പ്' - മണ്ണിലും മനസിലും ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു. അജ്ഞതയുടെ വേലിക്കെട്ടുകൾ പൊളിച്ചു മാറ്റി, അറിവിന്റെ ലോകത്തേക്ക് കടന്ന്, പുതിയ കണ്ടെത്തൽ നടത്തി, നമ്മുടെ ക്രിയാത്മകത വിജയത്തിലെത്തട്ടെ എന്നു കൂടി ആശംസിക്കുന്നു.ഉടൻ തന്നെ ഇതിന്റെ വരിക്കാരായി, അറിവിന്റെയും ആസ്വാദനത്തിന്റെയും ചെപ്പുകൾ തുറന്ന്, അനുഭവിക്കാനുള്ള കരുത്തും സൗഭാഗ്യവും പച്ചപ്പ് നമുക്ക് നൽകട്ടെ.

സ്നേഹത്തോടെ,

അബ്ദുൽ ജലീൽ മാസ്റ്റർ ( സ്റ്റാഫ് സെക്രട്ടറി)

# താളുകളിൽ


**കവിത**

പുഴയുടെ ദുഃഖം
Munshida T 10 F

The Rain
Madeeha P 10 F

മഴ
Nadwa PP 8E

ചൂരൽമല
Asliya k 8F

बारिश
Mohammed Thameem KP 10F

മനോഹരം
Sibna Parveen EV 9 A

മാറുന്ന പ്രകൃതി
Ayisha Diya P 9C

സ്ത്രീ
Fathima Zakiya 8A

കിട്ടുമ്മാവൻ
Fathima Sanha PP 9C

അഭിവാദ്യം
P Jaseena Teacher

**കഥ**

നല്ല കാഴ്ചകൾ
Fathima Shifna M 9A

കിട്ടുവിന്റെ കാട്
Fathima Shaima A 9A

الحَمَامَةُ وَالنَّمْلَة
Fathima Minha MP 8E

പ്രകൃതിയുടെ ഇതളുകൾ
Shazin Mohammed AP 8A

പ്രകാശുള്ള മനസ്സ്
Fathima Ridha MC 8F

കാത്തിരിപ്പ്
Fathima Sanha T 8G

**യാത്രാവിവരണം**

ഒരു തിരുവനന്തപുരം യാത്ര
Liya Mehnas 8E

കൊച്ചിയിലേക്കൊരു യാത്ര
Fathima Minha P 9A

**ലേഖനം**

മരം ഒരു വരം
Nimra Nisam N 8E

Impact of Media on Society
Huda Hidayath K 10F

പ്ലാസ്റ്റിക് - വളർന്നു വരുന്ന ഭീകരൻ
Fathima Fida k- 10F

എന്റെ നാട്
Fathima Samiha EP 9A

ഉൾച്ചേർന്ന വിദ്യാഭ്യാസം
എന്ത്? എങ്ങനെ
P Vanaja teacher

**ഓർമ്മക്കുറിപ്പ്**

അസീസിക്ക
Hilna M 9A

വല്യുമ്മ
Anshida PP 9A

കുളിർ മഴ
Liya fathima VP

പ്രകൃതി -വരയും നിറവും

യാത്രാമംഗളം




കവിത



MUNSHIDA T
10F

# പുഴയുടെ ദുഃഖം



മലയുടെ മടിയിൽ നിന്നൊഴുകി
എത്തുന്നിതാ താഴ്‌വാരത്തേക്ക്
ഒരു കുഞ്ഞു ചാലായൊഴുകി
പുഴയായി വളരുന്നു ഞാൻ
പണ്ടുപണ്ടേ തെളിനീരുമായി ഒഴുകി
ഞാൻ.

ഇന്നിതാ മാലിന്യ തൊട്ടിലായ്
ആട്ടുന്നതോ മനുഷ്യന്റെ കൈകളാൽ
എന്നിലാനന്ദം കണ്ടവർ
എന്നിലാശ്വാസം പൂണ്ടവർ
അറിയുന്നു ഞാനെന്നോ നിലച്ചുപോയ്
മലയുടെ മകളായി ജനിച്ചവൾ ഞാൻ
മാനവർക്കെന്നും ആശ്രയമായവൾ
എന്തിനെന്ന തകർക്കുന്നു മനുജാ...
എന്നിലെ ജീവജാലങ്ങളേയും.

ഇനിയും കാത്തിരിക്കാം..
പുലരാതിരിക്കില്ല വീണ്ടും
തെളിനീരായി ഒഴുകുന്ന കാലം
കുളിർക്കാറ്റ് തഴുകുന്ന കാലം
മഴയുടെ താളത്തിലൊഴുകുന്ന കാലം

യാത്ര



LIYA MEHNAS
8E

# ഒരു തിരുവനന്തപുരം യാത്ര



പാർലമെൻ്ററി ക്ലബ്ബിൻ്റെ നേതൃത്വത്തിൽ തിരുവനനന്തപുരം നിയമസഭ സന്ദർശിക്കാൻ പോയ യാത്രാനുഭവമാണിത്.
തിരൂരങ്ങാടി ഓറിയൻ്റൽ എച്ച്.എസ് എസിലേക്ക് ഞാൻ വന്നയീ വർഷത്തിൽ തന്നെ തിരുവനന്തപുരത്തേക്കൊരു യാത്ര എന്നത് ഒട്ടും പ്രതീക്ഷിച്ചതായിരുന്നില്ല. അതും നിയമസഭാ നടപടികൾ കാണാൻ വേണ്ടി.
കൂടുതൽ കുട്ടികളും പത്താം ക്ലാസു കാരായിരുന്നു. ഞങ്ങൾ എട്ടാം ക്ലാസുകാർ കുറച്ച് പേർ മാത്രം. എങ്കിലും ഞങ്ങളെല്ലാവരും നന്നായി എൻജോയ് ചെയ്തു ഈ യാത്ര.
അധ്യപകരൊക്കെ നല്ല സപ്പോർട്ടായിരുന്നു .

തിരൂരിൽ നിന്നും പുലർച്ചെ 6.30 നുള്ള ജനശതാബ്തി ട്രെയിനിലാണ് യാത്ര പുറപ്പെടുന്നത്. തിരൂരിലേക്ക് ഒ.യു.പി സ്കൂളിൻ്റെ ബസ്സിലാണ് എത്തിയത് 11. .30 ന് തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലെത്തി. അവിടെ നിന്നും ലൈൻ ബസ്സിൽ കയറിയിട്ടു വേണം ഞങ്ങൾ താമസിക്കുന്ന സ്ഥലത്തെത്താൻ. ഞങ്ങൾ കയറിയപ്പോൾ തന്നെ ബസ്സ് ഫുള്ളായി. ഞങ്ങൾ കയറിയ ബസ്സിൽ മറ്റൊരു സ്റ്റോപിൽ നിന്നു. രണ്ടു ചേച്ചിമാർ കയറി . ഞങ്ങളുടെ സ്റ്റോപ്പെത്തിയപ്പോൾ ഞങ്ങൾ ഇറങ്ങി കൂടെ രണ്ടു ചേച്ചിമാരും ഇറങ്ങി .

അവരുടെ സ്റ്റോപ് എത്തിയിട്ടുണ്ടായിരുന്നില്ല. എല്ലാവരും ഇറങ്ങുന്നത് കണ്ട് ഇറങ്ങിയതാണ്. ആ ചേച്ചിമാർക്കറിയില്ലല്ലോ ഞങ്ങളെല്ലാവരും ഒരു കൂട്ടമാണെന്ന് ! ഈ കാര്യം പറഞ്ഞ് ഞങ്ങൾ ഒരുപാട് ചിരിച്ചിട്ടുണ്ട്.

നല്ല റുമായിരുന്നു താമസത്തിന് . റൂമിൽ സാധനങ്ങളൊക്കെ വെച്ചിട്ട് ഭക്ഷണം കഴിക്കാൻ പോയി. അതിന് ശേഷം ആദ്യം പോയത് മൃഗശാല കാണാനാണ് . ഒരു പാട് ദൂരം നടന്നു കാണാനുണ്ടായിരുന്നു. വ്യത്യസ്തങ്ങളായ മൃഗങ്ങളും പക്ഷികളും ആരുടേയും മനം കവരുന്ന കാഴ്ചകളായിരുന്നു. പിന്നെ ഞങ്ങൾ പോയത് ആർട്ട് ഗാലറി കാണാനാണ്
ഒരു പാട് ചിത്രങ്ങളും നിർമിതികളും അവിടെയുണ്ടായിരുന്നു.തിരിച്ച് റൂമിലെത്തിയപ്പോഴേക്കും രാത്രിയായിരുന്നു. കുളിച്ച് ഫ്രഷായി ഫുഡ് കഴിച്ചു കിടക്കാനൊരുങ്ങി . ഒരു പാട് നേരം സംസാരിച്ചിരുന്നതിന് ശേഷമാണ് ഉറങ്ങിയത് .

പിറ്റെ ദിവസം രാവിലെ 5 മണിക്ക് തന്നെ ടീച്ചർമാർ വന്നു വിളിച്ചുണർത്തി. നിയമസഭകാണാൻ പോകാനുള്ളതാണ്. ഏഴുമണിയാകുമ്പോഴേക്കും എല്ലാവരും റെഡിയായി.കുട്ടികൾഎല്ലാവരും സ്കൂൾ യൂണിഫോമിലായിരുന്നു . ചായ കുടിച്ചതിന് ശേഷം ഞങ്ങൾ നടന്നിട്ടാണ് നിയമസഭ കാണാൻ പോയത്. 11 മണിക്കാണ് ഞങ്ങൾക്ക് നിയമസഭക്കകത്തേക്ക് കയറാനുള്ള പെർമിഷൻ കിട്ടിയിട്ടുള്ളത് . അവിടെ കുറേ സെക്യൂരിറ്റി ജീവനക്കാർ ഉണ്ടായിരുന്നു
ഞങ്ങളെയെല്ലാവരേയും രണ്ട മൂന്ന് പ്രാവശ്യം ചെക്കിങ് കഴിഞ്ഞിട്ടാണ് അകത്തേക്ക് പ്രവേശിപ്പിച്ചത് , ഗാലറിയിലേക്ക് കയറുന്നതിന് മുമ്പ് സെക്യൂരിറ്റി ജീവനക്കാർ കുറേ നിർദ്ദേശങ്ങൾ നൽകിയിരുന്നു.
ബജറ്റിനെ കുറിച്ചുള്ള ചർച്ചയായിരുന്നു . കുറച്ച് സമയം ഞങ്ങളവിടെ ചെലവഴിച്ചു.

പിന്നീട് അവിടെ നിന്നും നിയമസഭയുടെ മുന്നിൽ നിന്ന് ഞങ്ങളെല്ലാവരും ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു.പിന്നീട് റൂമിലെത്തി ഡ്രസ്സുകൾ മാറി ഞങ്ങൾ പ്ലാനറ്റോറിയം കാണാൻ പോയി. ശാസ്ത്ര - ഗോള ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഒരുപാട് അറിവുകൾ അവിടെ നിന്നും ലഭിച്ചു. അവിടെ ഒരു അടിപൊളി 3D ഷോ ഉണ്ടായിരുന്നു എല്ലാവരും അത് നന്നായി ആസ്വദിച്ചു
അവിടെ നിന്നും  മ്യൂസിയം കാണാൻ പോയി. ഒരുപാട് കാര്യങ്ങൾ പഠിക്കാൻ മ്യൂസിയം സന്ദർശനത്തിലൂടെ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. . ഭക്ഷണ ശേഷം ബസ്സ് കയറി റയിൽവേ സ്റ്റേഷനിലെത്തി. ഉച്ചയ്ക്ക് 2.30 നായിരുന്നു ട്രെയിൻ. തുടക്കത്തിൽ അൽപം ക്ഷീണം



തോന്നിയെങ്കിലും പിന്നീട് എല്ലാവരും പാട്ടും ഡാൻസുമായി ട്രെൻ യാത്ര ആസ്വദിച്ചു. യാത്രാനുഭവങ്ങൾ പങ്കുവെക്കാനുള്ള അവസരവും ലഭിച്ചിരുന്നു. പത്താം ക്ലാസിലെ കൂട്ടുകാർ അവരുടെ ഓർമകളൊക്കെ വികാരനിർഭരമായി പങ്കുവെച്ചു. അവരിൽ പലർക്കും ഇനി ഒരേ സ്കൂളിൽ തന്നെ പഠിക്കണമെന്നില്ലല്ലോ..  രാത്രി 11 മണിയോടു കൂടി തിരൂരിലെത്തി. അവിടെ നിന്നും ഒ.യൂപി സ്കൂളിന്റെ ബസിൽ കയറി സ്കൂളിലേക്കും എത്തി.

ഞങ്ങളുടെ ഹെഡ്മാസ്റ്റർ ടി അബ്ദുൽ റഷീദ് മാസ്റ്റർ കൂടി ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. ഹെഡ്മാസ്റ്റർ ഈ വർഷം സ്കൂളിൽ നിന്നും വിരമിക്കുകയാണ് . ചരിത്ര പ്രധാനമുള്ള ഈയൊരു യാത്രയുടെ ഭാഗമാകാൻ കഴിഞ്ഞതിലുള്ള സന്തോഷം അദ്ദേഹം പങ്കുവെച്ചു. കൂടെ വന്ന മുഴുവൻ അധ്യാപകരും എല്ലാ സഹായങ്ങളുമായും ഞങ്ങൾക്കൊപ്പം എപ്പോഴുമുണ്ടായിരുന്നു.
നമ്മുടെ സ്കൂളിൽ നിന്നും മനോഹരമായ മറ്റൊരു യാത്ര ഞാൻ പ്രതീക്ഷിക്കുന്നു.



MADEEHA P
10F



# THE RAIN

The rain
One of the wonderful things
Which would give pleasure
And would melt every lives
One of the most valuable things
which plays as a fuel to survive
It's arrival makes the plants greenish
Its presence makes all the living beings happy
And it is considerd as the gift of God

The Rain...
One of the most scariest things
when it behaves strange
And when it would melt every lives into the soil
One of the terrible things
When it takes our beloved people with it
And when it take our favourite belongings with it.
Rain is an awful thing.....
When it shows it's darkside
And it would give a horrible vibe for people
Here it behaved very strange
Now it is a heartbreaking news for all the living beings
That it's arrival



കവിത





NADWA PP
8E



# മഴ

മണ്ണും മനസ്സും
കുളിരണിയിച്ചു കൊണ്ട്
മെല്ലേ.. പെയ്തിറങ്ങി
മറന്നു പോയതൊക്കെ
പറന്നു ചേക്കേറിയത്
മേഘങ്ങളിലായിരിക്കാം,
ഓരോ മഴയിലും പെയ്തത്
ഓർമകളാണ്.
മഴ തലോടിയപ്പോൾ
നാണം കുണുങ്ങുന്നു
ഇലകൾ

മഴയുടെ സംഗീതം
നിശ്ശബ്ദമായാ സ്വദിക്കുന്നു
കിളികൾ
നിലത്തു വീഴുന്ന  ഓരോ
തുള്ളിയെയും തലയാട്ടി
സ്വീകരിക്കുന്നു
പുൽനാമ്പുകൾ
. പറയാൻ ഇനിയും
കഥകൾ ബാക്കി വെച്ച്
തിടുക്കത്തിലാറിലേക്ക്
ഒഴുകിപ്പോയ് മഴ വെള്ളം.



കഥ



FATHIMA
SHIFNA M -9A

# നല്ല കാഴ്ചകൾ

പ്രകൃതി ശാസ്ത്ര രംഗത്തെ മികവിൽ ഇന്ന് നാട് അവനെ ആദരിക്കുകയാണ് . അവന്റെ ഈ നേട്ടങ്ങളിൽ അത്ഭുതപ്പെടാനെന്താണുളളത്! അവൻ പ്രകൃതിയുടെ ലാളനങ്ങൾ അനുഭവിച്ച് വളർന്നതുകൊണ്ടാകാം വലിയ പ്രകൃതി സ്നേഹിയായത്. നഗരത്തിൽ നിന്ന് മാറി പുഴയും പൂക്കളും കുളിർക്കാറ്റുമുള്ള കൊച്ചു ഗ്രാമത്തിന്റെ സന്തതി കൂടിയായതുകൊണ്ടാണല്ലോ അവനിതൊക്കെ അനുഭവിക്കാൻ കഴിഞ്ഞത് . പൂവിനോടും പൂമ്പാറ്റകളോടും സല്ലപിച്ചു കൊണ്ടാണല്ലോ അവന്റെ ബാല്യം കടന്നുപോയത് അവന്റെ മാതാപിതാക്കൾ കൃഷിക്കാരായിരുന്നല്ലോ. വീട്ടിൽ പശുക്കളും പൂച്ചകളും കോഴികളുമൊക്കെയുള്ളതുകൊണ്ടുതന്നെയാവണം എല്ലാ ജീവികളേയും സ്നേഹിക്കാനും പരിചരിക്കാനും അവന് എളുപ്പത്തിൽ സാധിക്കുന്നത് ഈ ഭൂമി എല്ലാവർക്കുമുള്ളതാണെന്ന് നിരന്തരം കേട്ടുകൊണ്ട് തന്നെയല്ലേ അവൻ വളർന്നത്. പഠനത്തോടൊപ്പം പ്രകൃതിയുടെ സൗന്ദര്യം ആസ്വദിച്ചു കൊണ്ടുവളരാനും അവന്റെ മാതാപിതാക്കൾ അവന് പ്രോത്സാഹനം നൽകിയതുകൊണ്ടു തന്നെയാണ് അവൻ കാർഷിക സർവ്വകലാശാലയിൽ പ്രവേശനം ലഭിച്ചതിൽ അവനോടൊപ്പം അവന്റെ രക്ഷിതാക്കളും അഭിമാനം കൊണ്ടത്. ഇന്നവൻ സസ്യശാസ്ത്രജ്ഞനായതും പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതും കാണുമ്പോൾ അവന്റെ കുടുംബത്തോടൊപ്പം ഈ നാടും അഭിമാനം കൊള്ളുന്നില്ലേ ...

ഇന്ന് ഈ നാട് പ്രകൃതിരമണീയമാക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ച ആളെ എങ്ങനെ നാട് ആദരിക്കാതിരിക്കും. പ്രകൃതി നമ്മുടെ അമ്മ തന്നെയല്ലേ ... പ്രകൃതിയെ കണ്ടും അനുഭവിച്ചും വളർന്നാൽ ആർക്കാണതിനെ നശിപ്പിക്കാനാവുക .



ലേഖനം




NIMRA NISAM
8E

# മരം ഒരുവരം

മരം പ്രകൃതിയുടെ ദാനമാണ്. മനുഷ്യർക്ക് ഊഷ്മളവും ശാന്തവുമായ അതിന്റെ സാന്നിദ്ധ്യം അനന്തമായ പിന്തുണ നൽകുന്നു. ഭൂമിയിലേക്ക് വേരുകൾ പടർത്തുന്ന ,അതിന്റെ പച്ചപ്പ് സംരക്ഷണത്തിന്റെ പ്രതീകമാകുന്നു. വിടരുന്ന പൂക്കളും ദീപതമായ പച്ചപ്പുമായി മരങ്ങൾ പ്രകൃതിയുടെ താളത്തിൽ ജീവജാലങ്ങൾക്ക് ഊർജവും ശുദ്ധവായുവും നൽകുന്നു.

നമ്മുടെ സന്തോഷത്തിലും ദു:ഖത്തിലും പ്രകൃതിയുമായി ബന്ധം സ്ഥാപിക്കുന്ന ദൈവിക സൃഷ്ടിയാണ് ഓരോ മരവും.പ്രകൃതിയുടെ അത്യന്തം പ്രധാനമായൊരു ഭാഗമാണത്. അത് നമ്മോട് കാണിക്കുന്ന ദയ, വെട്ടിയാലും തളിർത്തും പൂത്തും നമുക്ക് ഊർജ സ്രോതസ്സായി, കാവലായി മാറുന്നു എന്നതാണ്. മരം മനസ്സിന് ശാന്തി നൽകുന്നു. നമുക്ക് ജീവിച്ചിരിക്കാനാവശ്യമായ എല്ലാ മൂല്യങ്ങളും പാഠങ്ങളും ഓരോ മരവും നൽകുന്നു എന്നതാണ് സത്യം.



ലേഖനം



HUDA HIDAYATH K
10F

# Impact of Media on Society



Right now our society is addicted to a drug . Every one is addicted to it . Kids , adults , teenagers and even olders too. There are so much side effects on it . Everybody carries this drug most of the time . I'm telling about mobile phone or smartphone it is the tool to link with Social media.

Using the social media for a good reasons is good , but using it for bad things it is bad. There are so much things in it We have to discover more about it

Day by day the technology is growing and our mindset is changing. We can use social media for study purpose. within seconds all the information will get through google search and different apps will help us to do more things easily and shortly . We can even transfer money from it.

It faster communication and relationships .We can even make money from it, isn't it ? It is great.

Let's know the bad sides of it. Excess social media use has been linked to mental health issues such as anxiety and depression . Most of the children or teenagers use gaming apps and they waste their most valuable times in it and it spoils them mentally and physically .



Cyber bullying is happing like a flood in our society It is  a big crime which causes much problems in our society . We fear to upload our photos in to social media because some people using it in a bad way and finding pleasure in it.we can't trust social media blindly.

We should not allow this drug to have a bad impact on our life  . Our life style have been changing because of it . It became the unavoidable part of our life .
It is the age of Artificial Intelligence . Many more things in technical field is done by the help of AI  .So we should know how to use the smart phone or Social media wisely . We never let this media to have a power of controlling human beings . We should limit our usage of social media especially we the students our time is very valuable and not waste our times in watching entertainment programmes, reels , and playing online games .
We can use all the media wisely for our better future.

കഥ



FATHIMA SHAIMA A
9A

# കിട്ടുവിന്റെ കാട്



ഒരു കാട്ടിൽ കിട്ടു എന്നു പേരുള്ള ഒരു മുയൽ ഉണ്ടായിരുന്നു. കിട്ടുമുയൽ കൂട്ടുകാരോടൊപ്പം സന്തോഷത്തോടെ കാട്ടിൽ താമസിച്ചിരുന്നു. കിട്ടുവിന് ആ കാട് വളരെ ഇഷ്ടമായിരുന്നു അതിന് രണ്ട് കാരണങ്ങളുണ്ട്.ആ കാട്ടിൽ അവരെ ഭരിക്കാൻ രാജാവൊന്നുമില്ല, എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. സന്തോഷവും സമാധാനവും നിറഞ്ഞ ജീവിതമായിരുന്നു ആ കാട്ടിൽ. കിട്ടുവും കൂട്ടുകാരും അവരുടെ കാട് നല്ല രീതിയിൽ സംരക്ഷിക്കുന്നതിൽശ്രദ്ധിച്ചിരുന്നു.
അങ്ങനെയിരിക്കെ ഒരു ദിവസം ആ കാട്ടിലേക്ക് മനുഷ്യർ വന്നു. അതോടെ കാടിന്റെ ഒരു ഭാഗം കാട്ടുതീ, മറ്റൊരു ഭാഗം മരം മുറി, പിന്നെ വേട്ടയാടലും. കാടിന്റെ സ്വസ്ഥത നഷ്ടമായി. കിട്ടുവിന്റെ ചില കൂട്ടുകാരെയെല്ലാം കാണാതാവാൻ തുടങ്ങി. മൂങ്ങ മുത്തശ്ശി പറഞ്ഞു, പെട്ടന്ന് കാടുവിട്ടിറങ്ങണം.
ക്രൂരരായ മനുഷ്യരെ പ്രാകിക്കൊണ്ട് സ്വന്തം കാട്ടിൽ നിന്ന് എവിടേക്ക് പോകണമെന്നറിയാതെ കിട്ടുമുയൽ നടന്നു. ദിവസങ്ങൾ കടന്നുപോയി. ചിന്നുക്കുരുവിയെ കാണാനില്ല. ആരും കാണാതെ കിട്ടു കാട്ടിലേക്ക് തന്നെ തിരിച്ചു പോയി. ദൂരെ നിന്നേ കാട്ടിൽ തീ ആളിപ്പടരുന്നത് കണ്ടു. കാടിന്റെ സങ്കടം കണ്ട് മേഘം കരയാൻ തുടങ്ങി. ആ കരച്ചിൽ ശക്തിയായി. കണ്ണീർ മഴ,പെരുമഴ! മനുഷ്യർ കയ്യിലുള്ളതെല്ലാം ഇട്ടെറിഞ്ഞ് കാട്ടിൽ നിന്നോടി. കിട്ടുവിന്റെ മുഖത്ത് പുഞ്ചിരി വിടർന്നു. ചിന്നുവിന്റെ ശബ്ദം! ഒരു മരച്ചുവട്ടിൽ എഴുന്നേൽക്കാൻ കഴിയാതെ ചിന്നു കിടക്കുന്നു. ചിന്നു മുയലിനെ രക്ഷപ്പെടുത്തണം.
മൂന്നു ദിവസം തുടരെ മഴ പെയ്തു. പിന്നീട് മനുഷ്യർ അങ്ങോട്ടു വന്നിട്ടേയില്ല. കാട് വീണ്ടും ശാന്തമായി. ചെടികൾ മുളച്ചു പൊന്തി. ഇനി ആരും ഞങ്ങളെ ഉപദ്രവിക്കരുതേ എന്ന പ്രാർത്ഥനയോടെ കിട്ടുവും കൂട്ടരും സന്തോഷത്തോടെ ജീവിച്ചു.



ലേഖനം



FATHIMA
NIDHA CP -9A

# പ്രകൃതി ഭംഗി



നമ്മുടെ ചുറ്റുമുള്ള പ്രകൃതിയിൽ എന്തൊക്കെ കാഴ്ചകളാണ് കാണുന്നത്? പൂത്തും തളിർത്തും കായ്ച്ചും നിൽക്കുന്ന വൈവിധ്യമാർന്ന സസ്യങ്ങൾ, ഇഴഞ്ഞും ചാടിയും ഓടിയും നടക്കുന്ന ജന്തുക്കൾ. കുന്നുകൾ,വയലുകൾ, തോടുകൾ, ജലാശയങ്ങൾ, പൂന്തോട്ടങ്ങൾ,ആകാശത്ത് കാണുന്ന ഭംഗിയുള്ള കാഴ്ചകൾഅങ്ങനെ എന്തെല്ലാം കാഴ്ചകളാണ്. നമ്മൾ ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ട ഒന്നാണ് നമ്മുടെ ഈ ലോകം. പണ്ട് മനുഷ്യരെല്ലാം പ്രകൃതിയെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. കൃഷിയായിരുന്നു അവരുടെ ജീവിതമാർഗം.

പാടത്തെല്ലാം പച്ചപ്പ്, നിറഞ്ഞ തെങ്ങിൻ തോപ്പുകൾ, മലനിരകൾ, പുഴകൾ, ചാലുകൾ, കുളങ്ങൾ, കടത്തു വഞ്ചിയിലെ യാത്ര......എന്തു രസമായിരിക്കും. ഈ കാഴ്ചകളെല്ലാം മനസ്സിനു നൽകുന്ന സന്തോഷം എത്ര വലുതായിരിക്കും. എന്നാൽ ഇന്ന് ഇതെല്ലാം നഷ്ടപ്പെടുന്നോ?എന്തു ചെയും.....?

പ്രകൃതിയുടെ സൗന്ദര്യം കാത്തുസൂക്ഷിക്കുക എന്നത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. നമ്മുടെ ജീവിത രീതികളെല്ലാം മാറിയിട്ടുണ്ടാവാം , ഗ്രാമ ഭംഗിയെല്ലാം കോൺക്രീറ്റ് കെട്ടിടങ്ങളാൽ നഷ്ടപ്പെട്ടിട്ടുണ്ടാവാം. എങ്കിലും മനുഷ്യന് എന്നും സന്തോഷം നൽകുന്ന കാഴ്ചകളാണ് ഭംഗിയുള്ള പ്രകൃതിദൃശ്യങ്ങൾ - അവ ആസ്വദിക്കാനായി എത്ര ദൂരം സഞ്ചരിക്കാനും മനുഷ്യർ ഒരുക്കമാണ് . പക്ഷേ തന്റെ ചുറ്റുപാടുമുള്ള മനോഹര ദൃശ്യങ്ങൾ സംരക്ഷിക്കാനോ ആസ്വദിക്കാനോ നാം മറന്നുപോകുന്നു. നമ്മുടെ അടുത്ത പ്രദേശങ്ങളിൽ തന്നെയുള്ള മനോഹരക്കാഴ്ചകൾ നമ്മൾ തന്നെ അറിയുന്നത് സോഷ്യൽ മീഡിയകൾ വഴിയാവാം. നാം ഓരോരുത്തരും നമ്മുടെ വീടും പരിസരവും ഭംഗിയായി സൂക്ഷിക്കുകയും നമ്മുടെ സമീപ പ്രദേശങ്ങളിലെ നെൽ പാടങ്ങളും പുഴകളും കുളങ്ങളും മെല്ലാം നഷ്ടപ്പെടാതെ സൂക്ഷിക്കാനായാൽ തന്നെ പ്രകൃതിയുടെ സൗന്ദര്യം നമുക്കെന്നും ആസ്വദിക്കാനാവും.

കഥ



FATHIMA
MINHA MP -8E



# الحَمَامَةُ وَالنَّمْلَة

فِي يَوْمِ مِنْ الْأَيَّامِ كَانَ هُنَاكَ نَمْلَةٌ عَطْشَأْنَةٌ جَدًّا تَشْرَبُ الْمَاءِ مِنْ النَّهْرِ.فَجْأَةُ النَّمْلَةِ فَقَدْت تَوَازِنُهَا . وَسَقَطَتْ فِي النَّهْرِ.صَرَخَتْ النَّمْلَةِ سَاعَدُونِي, سَاعَدُونِي وَلَكِنْ لَا . سَمِعَ صُرَاخِهَا.الْحَمَامَةِ تَجْلِسُ عَلَى الشَّجَرَةِ الْمُجَاوَرَةِ . شَاهَدَتِ النَّمْلَةَ فِي مُشْكِلَةٍ قَامَتْ بِسُرْعَةِ بِانْتِزَاعِ وَرَقَةً مِنْ الشَّجَرَةِ وَأَسْقَطَتْهَا فِي الْمِيَاهِ.النَّمْلَةُ صَعِدْت عَلَى الْوَرَقَةِ وَشَكَرْتَ الْحَمَامَةِ لَانْقَاذِ حَيَاتِهَا.

بَعْدَ أَيَّامٍ قَلِيلَةً كَانَتْ الْحَمَامَةِ تَجْلِسُ عَلَى شَجَرَةٍ رَأَتْ النَّمْلَةِ الصَّيَادِ يُصَوِّبُ سَهْمُهُ عَلَى الْحَمَامَةِ.النَّمْلَةُ قَدْ عَمِلْت أَنْ صَدِيقَتُهَا الْحَمَامَةِ فِي خَطَرٍ,هِيَ بسرعة عضت قُدْمَ الصَّيَادِ الصَّيَّادُ . صَرَخَ مِنْ الْأَلْمِ.سَهْمُ الصَّيَادِ لَمْ يُصِبْ الْحَمَامَةِ . النَّمْلَةُ أَنْقَذَتْ . الْحَمَامَةِ.الْحَمَامَةِ شَكَرْتُ النَّمْلَةِ لَانْقَاذٍ حَيَاتِهَا, وَأَصْبَحُوا أَصْدَقَاءَ لَلْأَبَد.

കവിത



ASLIYA K -8F



# ചൂരൽമല

എല്ലാം മണ്ണിനടിയിലായ ആ രാത്രി,
എൻ ജീവിതം മാറ്റിമറിച്ചു.
കണ്ണടച്ചു തുറന്ന നേരം,
എൻ മുന്നിൽ ജീവന് വേണ്ടി പിടയുന്നവർ.
കൂടെയുള്ളവർ
മണ്ണിനടിയിൽ ആയിരിക്കെ,
ഞാനിനി എന്ത് ചെയ്യും.
രാത്രി ഉമ്മ പറഞ്ഞു തന്ന കഥയുടെ ബാക്കി
പറയാൻ ഇനി ആരാണുള്ളത്_
നാളെ മലകേറാം  എന്ന് പറഞ്ഞതായിരുന്നു,
മല ഇങ്ങോട്ട് വരുമെന്ന് ആരും
പ്രതീക്ഷിച്ചില്ല.
നാളത്തെ സന്തോഷങ്ങൾ തേടിയിരുന്ന
ഞാനിപ്പോൾ,
പ്രതീക്ഷയറ്റ ജീവിത കോലങ്ങളിൽ
ഒരാൾ മാത്രം..

ലേഖനം



FATHIMA FIDA K
10F

# പ്ലാസ്റ്റിക്
## വളർന്നു വരുന്ന ഭീകരൻ




മരണമില്ലാത്ത മരണം വിതക്കുന്ന ഭീകരൻ പ്ലാസ്റ്റിക്കിന് ഈ വിശേഷണം നൽകുന്നതാകം ഉത്തമം. കത്തിച്ചുകളഞ്ഞാൽ വായുമലിനീകരണം മണ്ണിലെറിഞ്ഞാലോ പരിസ്ഥിതി നാശം ആധുനിക ലോകത്തിൽ ഏറ്റവുമധികം തലവേദന സൃഷ്ടിക്കുന്നതാണ് പ്ലാസ്റ്റിക്കിന്റെ സംസ്കരണ വിഷയം. ഇന്ന് സാധാരണക്കാരൻെറ ജീവിതത്തിൽ നിന്നു പോലും ഒഴിവാക്കാനാകാത്ത വസ്തുക്കളിലൊന്നായി പ്ലാസ്റ്റിക് മാറിക്കഴിഞ്ഞു.നമ്മുടെ കൊച്ചു കേരളത്തിൽ പോലും കഴിഞ്ഞ വർഷങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവ് ആരെയും ഞെട്ടിപ്പിക്കുന്നതാണ്.ഒഴിവാക്കാനാകുന്ന ഈ വില്ലനെ പക്ഷെ താരപരിവേഷം ചാർത്തി അകത്തളത്തിലാനയിക്കാനാണ് ജനങ്ങൾ ഇഷ്ടപ്പെടുന്നത്.



പ്രകൃതിയോടിണങ്ങാത്ത മണ്ണിനോട് ചേരാത്ത ഖരമാലിന്യങ്ങളാണ് പ്ലാസ്റ്റിക്കുകൾ. അമിതമായാൽ അമൃതവും വിഷം എന്ന ചൊല്ലിനെ അനുസ്മരിപ്പിക്കും വിധം പ്ലാസ്റ്റിക്കിന്റെ അമിതമായ ഉൽപാദനവും ഉപയോഗവും ഭൂമിയ്ക്കുതന്നെ ഭീഷണിയായിക്കൊണ്ടിരിക്കുകയാണ്. ജൈവപ്രക്രിയയ്ക്ക് വിധേയനാകാതെ എത്രനാൾ വേണമെങ്കിലും മണ്ണിനടിയിൽ കിടക്കുവാൻ പ്ലാസ്റ്റിക്കിന് കഴിയും. പരിസ്ഥിതിനാശത്തിന്റെ വികൃതമുഖമാണ് ഈ ഭീകരനിൽ നിറഞ്ഞു കാണുന്നത്. ലോകത്തിലാകമാനമുള്ള പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരിശോധിക്കുകയാണെങ്കിൽ ഭാരതം ഇന്ന് തീർത്തും അസുരക്ഷിതമായ ഒരു സ്ഥിതിയിലാണ്.ദൈവത്തിന്റെ സ്വന്തം നാട്ടിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് പ്ലാസ്റ്റിക്കിന്റെ ഉപയോഗം എട്ടുമടങ്ങിലധികം വർധിച്ചിരിക്കുന്നു. സമസ്തമേഖലകളിലും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ സാന്നിദ്ധ്യം നമുക്ക് കാണാനാകും. കാഴ്ചയിലെ ഭംഗിയും എളുപ്പമേറിയ വൃത്തിയാക്കലും എല്ലാത്തിലുമുപരി വളരെ കുറഞ്ഞ വിലയുമാണ് പ്ലാസ്റ്റിക്കിന്റെ ആകർഷണഘടകങ്ങൾ.കനംകുറഞ്ഞ പോളിത്തീൻ കവർ മുതൽ വീട്ടുപകരണങ്ങളുൾപ്പെടുന്ന ഉൽപ്പന്നങ്ങളാണ്. ഇന്ന് പ്ലാസ്റ്റിക്.യാതൊരു കാരണത്താലും നശിക്കുകയില്ലെന്ന പ്ലാസ്റ്റിക്കിന്റെ പ്രതിരോധഭാവം ഇന്ന് വളരെയധികം ചോദ്യങ്ങൾ പലദേശത്തും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങളെ കടലിൽ കൊണ്ടുപോയി തള്ളുന്ന ധാരാളം രാജ്യങ്ങളുണ്ട്. കടലിലെ ആവാസവ്യവസ്ഥയെ ഇത് തീർത്തും ദോഷകരമായി ബാധിച്ചു കൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറക്കുക.ഇതാണ് പ്ലാസ്റ്റിക് സൃഷ്ടിക്കുന്ന വിപത്തുകൽക്കെതിരെ നമുക്ക് ചെയ്യാനാകുന്നത്.

കവിത



MOHAMMED
THAMEEM KP -10F





# बारिश


इस बारिश भी चली गई है
हमारी प्यारी बारिश भी चली गई है
अब तो हमारा बारिश का समय नहीं रहा
अब हम नदी में तैरने कैसे जाएंगे?
खेतों में कैसे खेलेंगे?
अब वह भी चली गईं,
आसमान से गिरने वाली पानी की बूँदें
अब हम वह बूँदें कैसे देखेंगे?
हम बारिश में कैसे खेलेंगे?
मुझे इस बात पर बहुत दुख है
अब चाटा खेलने के लिए कई दिन बचे हैं
कभी तो वह दिन आएगा!
बारिश का वह प्यारा दिन
इस दुनिया में थोड़े से लोग हैं
जिन्हें बारिश बहुत पसंद है
मैं भी उन लोगों में से एक हूँ
जिन्हें बारिश पसंद है।

ഓർമ്മ



HILNA M 9A

# അസീസിക്ക



ആറേഴ് വർഷങ്ങൾക്ക് മുമ്പുണ്ടായ ഒരു യഥാർത്ഥ സംഭവം... എന്റെ വീടിന്റെ അടുത്ത് ഒരു കൃഷിക്കാരൻ ഉണ്ടായിരുന്നു. അസീസിക്ക- പ്രകൃതി സ്നേഹിയും, കർഷകനും. എല്ലാവർക്കും പ്രകൃതിയെ പറ്റി പറഞ്ഞു കൊടുക്കാറുണ്ട് അദ്ദേഹം. എനിക്കും പ്രകൃതിയെ കുറിച്ചുള്ള കുറെ നല്ല കാര്യങ്ങൾ പറഞ്ഞു തന്നിട്ടുണ്ട്. കുറെ ചെടികളും പൂക്കളും തന്നിട്ടുണ്ട്. പ്രകൃതിയെ നശിപ്പിക്കരുതെന്നും അതിനെ പരിപാലിക്കണമെന്നും അദ്ദേഹം എപ്പോഴും പറയും. പുതിയ പുതിയ ചെടികൾ നട്ടു പിടിപ്പിക്കുന്നത് വലിയ ഇഷ്ടമായിരുന്നു അസീസിക്കാക്ക്.
അസീസിക്കയുടെ വീട്ടിൽ പോയാൽ വ്യത്യസ്തങ്ങളായ ചെടികളും പൂക്കളും നമുക്ക് കാണാം . ഓരോ ചെടിയും മരങ്ങളും നമ്മളെപ്പോലെ തന്നെയാണെന്നാണ് അസീസിക്ക പറയാറ്. അവക്ക് എല്ലാറ്റിനും ഒരേ രീതിയിലുള്ള പരിചരണം ലഭിച്ചാൽ പറ്റില്ല. ചിലതിന് നല്ല വെള്ളവും വളവും നൽകണം, നല്ല സൂര്യപ്രകാശം ലഭിക്കണം മറ്റു ചിലതിന് കുറച്ച് വെള്ളം കൊണ്ടുതന്നെ നന്നായി വളരാൻ കഴിയും, നല്ല വെയിൽ തട്ടിയാൽ വാടിപ്പോകുന്ന ചെടികളും ഉണ്ട് . എപ്പോഴും വെള്ളവും വളവും പരിചരണവും നൽകുന്നവക്ക് പ്രതികൂല സഹചര്യങ്ങളെ നേരിടാൻ പ്രയാസമാണ് - ചെറിയ രോഗബാധയേറ്റാൽ തന്നെ നശിക്കും . നമ്മൾ മനുഷ്യരുടെ കാര്യവും അങ്ങനെ തന്നെയല്ലേ.. അസീസിക്ക പ്രകൃതിയുടെ ഒരു പാഠപുസ്തകമായി ഞങ്ങൾക്ക് മുമ്പിലെന്നും ഉണ്ടാവും
നമ്മുടെ ജീവിതം കൊണ്ട് പ്രകൃതിക്കും നമുക്ക് ചുറ്റുമുള്ളവർക്കും ഗുണകരമായത് ചെയ്ത് ജീവിക്കുക എന്നതാണല്ലോ പ്രധാന കാര്യം.


അങ്ങനെയിരിക്കെയാണ് അപ്രതീക്ഷിതമായ ആ കാര്യം നടക്കുന്നത്. ഞാൻ രാവിലെ സ്കൂളിൽ പോവാൻ ഒരുങ്ങുന്ന സമയത്താണ്, പുറത്തു നിന്നും ഒരു നിലവിളി കേട്ടത്. ഞാനും എന്റെ ഉമ്മയും കൂടെ പുറത്തിറങ്ങി. ആളുകളെല്ലാം അസീസിക്കാന്റെ വീട്ടിലേക്കോടുന്നു. ഞങ്ങളും അങ്ങോട്ടു നടന്നു.
അസീസിക്ക ശ്വാസം കിട്ടാതെ പിടയുന്നു ആകെ നിലവിളിയും ബഹളവും. ഞാൻ സ്തംഭിച്ചു പോയി. തെല്ലിട നിശ്ശബ്ദത...അസീസിക്ക പോയി.ആർക്കായാലും ഒരു ദിനം മരണമുണ്ടാവും .
പ്രകൃതിയോട്, മണ്ണിനോട് ചേരുന്നതിലുള്ള സന്തോഷമാകാം ആ മുഖം കൂടുതൽ പ്രകാശ പൂരിതമായിരുന്നു.

കവിത



SIBNA
PARVEEN EV -9A

# മനോഹരം




മനോഹരം
ഇളം കാറ്റ് തഴുകും
നമ്മുടെ കവിളുകളെ
കിളികൾ ചിൽ ചിൽ ശബ്ദത്താൽ
പാടും വരികൾ
പൂവിൽ പൊടിയും നറുതേൻ
നുകരാൻ എത്തും ശലഭങ്ങൾ
ഈണത്തിൽ ഒഴുകും അരുവികൾ
അതിൽ നീന്തിത്തിമിർക്കും മീനുകൾ
¡ആകാശത്തിൽ സപ്ത നിറങ്ങൾ
തിളങ്ങുന്നു മഴവില്ലുകൾ
മേഘത്തിന്റെ ഇരുട്ടിൽ ഒളിച്ചിരിക്കും
മഴകൾ, കരയാൻ നേരം നിലത്തെത്തും.
മുത്ത്പോലെ പ്രകാശിക്കും ചന്ദ്രൻ
നേരം പുലരും മുമ്പേ ജ്വലിക്കും
ഇരുട്ടിൻ മുമ്പ് അണഞ്ഞിടും സൂര്യൻ
നാം ശ്വസിക്കും വായുവിൽ
കാണും നമ്മുടെ പ്രകൃതിഭംഗി

ലേഖനം

FATHIMA
SHAMIHA EP
9A



# എന്റെ നാട്



പണ്ടത്തെ മനുഷ്യരെല്ലാം പ്രകൃതിയോടിണങ്ങിയാണ് ജീവിച്ചിരുന്നത്. കൃഷിയായിരുന്നു അവരുടെ ജീവിതമാർഗം.പുഴകളും, ചാലുകളും കുളങ്ങളും, പച്ച പുതച്ച പാടങ്ങളും, മലഞ്ചെരിവുകളും പുഴയോരങ്ങളും കണ്ണും കരളും കുളിർപ്പിക്കും.

ഇനി എന്റെ നാട് 'ചെറുമുക്ക്' നെ കുറിച്ച് പറയാം. മലപ്പുറം ജില്ലയിലെ നന്നമ്പ്ര പഞ്ചായത്തിലെ പ്രകൃതിരമണീയമായ നാടാണിത്.വിശാലവും മനോഹരവുമായ പാടങ്ങളാണ് എന്റെ നാടിന്റെ ആകർഷണിയത. കൃഷി രീതി കളെ കുറിച്ചറിയാനും,പാടത്ത് വിരിഞ്ഞ് നിൽക്കുന്ന ആമ്പലുകൾ കാണാനും ഒരു പാടാളുകൾ എത്താറുണ്ട്.സ്വദേശികളും വിദേശികളുമായ പലയിനം പക്ഷികളുടെയും ഇഷ്ടകേന്ദ്രമാണ് എന്റെ ചെറുമുക്ക്. 70തിലേറെ ഇനത്തിൽ പെട്ട പക്ഷികളെ ഇവിടെ കാണാം. എന്റെ നാട് എന്റെ അഭിമാനമാണ്. പക്ഷികൾ കൂട്ടം കൂട്ടമായി വിരുന്നെത്തുന്നതും പാടത്ത് ഇരതേടുന്നതും ഒന്നിച്ചു പറന്നുയരുന്നതും കാണാൻ ഏറെ ഭംഗിയാണ് ' ആമ്പൽപ്പൂക്കൾ നിറഞ്ഞുനിൽക്കുന്ന സമയങ്ങളിൽ പക്ഷികളുടെ കലപില ശബ്ദങ്ങളാൽ ശബ്ദമുഖരിതമാണിവിടം.പക്ഷെ... എന്റെ ചെറുമുക്കിന്റെ സൗന്ദര്യമാസ്വദിക്കാനെത്തുന്നവർ അവിടെ പ്ലാസ്റ്റിക് വെയ്സ്റ്റുകൾ ഇടാറുണ്ട് എന്നതാണ് എന്റെ വിഷമം

ആമ്പൽപ്പാടങ്ങളോട് ചേർന്ന് ചെടികളും തണൽ മരങ്ങളും നട്ടുപിടിപ്പിച്ച് കൈവരികൾ സ്ഥാപിച്ച് മനോഹരമാക്കിയ റോഡുകളുണ്ട് ഇവിടെ ' പ്രത്യേകിച്ചും ചെറുമുക്ക് പള്ളിക്കത്താഴത്തിനേയും സമൂസക്കുളത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന ചെറുമുക്ക് - കരുമ്പിൽ റോഡ്' . രാവിലെയും വൈകുന്നേരവും നടത്തത്തിനും വ്യായമത്തിനുമായി നിരവധി ആളുകൾ ഇവിടെയെത്താറുണ്ട്. ജി.എം.എൽ.പി എസ് ചെറുമുക്ക്, പി.എം.എസ്.എ എ- എം. എൽ.പി സ്കൂൾ എന്നിവ ഈ നാടിന്റെ അക്ഷരഗേഹങ്ങളാണ്. ചെറുമുക്കിലെ വിവിധ മദ്രസ്സകളും പള്ളികളും നാടിന്റെ ആത്മീയ ചൈതന്യം വിളിച്ചറിയിക്കുന്നതാണ്. ചെറുമുക്ക് ഐശ്വര്യ ലൈബ്രറി നാടിനെ വായന ലോകത്തിലേക്ക് കൈ പിടിച്ചു നടത്തുന്നു.

കഥ

# പ്രകൃതിയുടെ ഇതളുകൾ



SHAZIN
MOHAMMED AP
8C



റിസ്‌വാൻ എട്ടാം ക്ലാസുകാരനാണ്. അവന്റെ ഗ്രാമത്തെയും പ്രകൃതിയെയും ഒരു പോലെ സ്നേഹിക്കുന്നവൻ. ഒരു ദിവസം അവന്റെ വീടിനടുത്തുള്ള ഗോപാലേട്ടന്റെ വീടിനരികിലൂടെ പോകുമ്പോൾ, ഗോപാലേട്ടൻ ഫോണിൽ സംസാരിക്കുന്നത് കേട്ടു."20 കിലോ മാനിറച്ചിയോ, കാട്ടിൽ ഒരു കുടുംബത്തെ കണ്ടിരുന്നു. അവയെ പിടിച്ചു തന്നേക്കാം. 5000 രൂപ തന്നാൽ മതി."

റിസ്‌വാൻ വളരെ അസ്വസ്ഥനായി. പാവപ്പെട്ട ആ മാൻകുടുംബം നാളെ വല്ലവന്റെയും വയറ്റിലെത്തും. അന്നവന് ഉറക്കം വന്നില്ല. പതിവില്ലാതെ അന്നവൻ ഡയറി എഴുതി.

പിറ്റേ ദിവസം കിടക്കയിൽ നിന്നെണീറ്റ അവൻ നേരെ ഗോപാലേട്ടന്റെ മുന്നിലെത്തി.

നിങ്ങൾ ആ മാൻ കുടുംബത്തെ കൊല്ലരുത്. ഈ ഭൂമി നമ്മുടേത് മാത്രമല്ല. എല്ലാ ജീവികൾക്കുമുള്ളതാണ്. മനുഷ്യന്റെ സ്വാർത്ഥത മറ്റ് ജീവികളെ ഇല്ലാതാക്കുന്നു. ഞാൻ പറയുന്നത് നിങ്ങൾ വേട്ടയാടേണ്ട എന്നല്ല. അവയെ സംരക്ഷിക്കുക കൂടി ചെയ്യണം. അവൻ പറഞ്ഞു നിർത്തി. ഗോപാലേട്ടൻപറഞ്ഞു:" മോനേ നീയെന്താണ് പറയുന്നത്. ഈ വേട്ടയാടൽ ഇല്ലെങ്കിൽ ഞാനും എന്റെ കുടുംബവും പട്ടിണിയാവും." "നിങ്ങൾ പട്ടിണിയിലാവരുത് " .റിസ്‌വാൻ തുടർന്നു.



നിങ്ങളുടെ പേരിൽ കിഴക്ക് രണ്ട് ഏക്കർ സ്ഥലമില്ലേ. അവിടെ ഒരു കൃത്രിമ കാടുണ്ടാക്കൂ. അവിടെ മൃഗങ്ങളെ ഇണക്കി വളർത്തുകയും ആവശ്യം വരുമ്പോൾ വിൽക്കുകയും വേണം. നമ്മൾ ഇങ്ങനെ ചിന്തിക്കുന്നേയില്ല.കാരണം എന്താന്നറിയോ.., മനുഷ്യൻ, ഭൂമിയുടെ അവകാശി അവൻ മാത്രമാണെന്നു കരുതുന്നു.അവന്റെ സ്വാർത്ഥതയും അഹങ്കാരവും ഒരിക്കലും തീരില്ല. അവൻ നിരാശനായി. റിസ്‌വാന്റെ താഴ്ന്ന തല ഉയർത്തിക്കൊണ്ട് ഗോപാലേട്ടൻ പറഞ്ഞു. നിന്റെ കുഞ്ഞു മനസ്സിലെ ചിന്ത എത്ര വലുതാണ്. നിന്റെ ധൈര്യം ഞാൻ സമ്മതിച്ചിരിക്കുന്നു. മനുഷ്യൻ പ്രകൃതിയാവുന്ന പൂവിലെ ഒരിതളാണെങ്കിൽ അത് അതിന്റെ മറ്റിതളുകളെ നശിപ്പിക്കാൻ പാടില്ല. ഒരു നല്ല കാര്യത്തിന് തുടക്കം കുറിക്കാൻ തന്റെ വാക്കുകൾ കൊണ്ട് കഴിഞ്ഞല്ലോ എന്ന സന്തോഷത്തോടെ റിസവാൻ യാത്ര പറഞ്ഞു.

കവിത



AYISHA DIYA P
9C





# മാറുന്ന പ്രകൃതി

കാലമങ്ങനെ കടന്നുപോയ്
മനുഷ്യരെല്ലാം മാറിപ്പോയ്
മനുഷ്യരുടെ പ്രവൃത്തിയാൽ
പ്രകൃതി തന്നെ വിപത്തായി

കുളിർ ചൊരിയുന്ന മഴ
ഭയമേകും ഇടിമിന്നൽ
കാട്ടുതീ പരക്കയാൽ
ജീവനുകൾ ഒടുങ്ങുകയായ്.

ചൂരൽ മല ഒലിച്ചിറങ്ങി.
മലയോടൊപ്പം ജീവനും
പ്രകൃതിയവർക്കെല്ലാം
മുറിവേറ്റൊരോർമയായ്.

പ്രകൃതിയെ സൂക്ഷിക്കുക
സ്നേഹത്താൽ പരിപാലിക്കുക.
പ്രകൃതി കൂടെ എന്നുമുണ്ടാകും
സന്തോഷമായും ദു:ഖമായും.

ഓർമ്മ

# കുളിർ മഴ.



LIYA
FATHIMA VP 8G






ഒരു വൈകുന്നേര സമയം. ഞാൻ ആകാശത്തേക്ക് നോക്കി നിന്നു. കറുത്തിരുണ്ട ആകാശവും ഒരു തണുത്ത കാറ്റും വീശിയപ്പോൾ ഞാൻ ചൂടുള്ള കട്ടൻ ചായയും പരിപ്പുവടയുമായി മുറ്റത്തെ സ്റ്റെപ്പിൽ പോയിരുന്നു. പെട്ടന്നാണ് മഴയുടെ തുടക്കമായി ഒരു ഇടി കേട്ടത്.. മിന്നലില്ലായിരുന്നു. ഞാൻ മഴയെ കാത്തിരിക്കുന്നത് പോലെ പ്രകൃതിയും മഴയെ കാത്തിരിക്കുകയായിരുന്നു. അങ്ങനെ ശക്തമായി മഴ പെയ്തു. മഴയുടെ സംഗീതമാസ്വദിച്ച് കടലാസുതോണിയുണ്ടാക്കി മുറ്റത്തെ വെള്ളത്തിലൊഴുക്കി.അതൊ ഴുകിയൊഴുകിപ്പോകുന്നത് നോക്കി ഞാനിരുന്നു.

വറ്റിവരണ്ട മണ്ണിന് വേനൽ മഴ ഒരാശ്വാസമാണ്. മനസ്സിന് കുളിർ മഴയായി മണ്ണിന്റെ മണം എങ്ങും പരന്നു.
മുറ്റം നിറയെ മഴവെള്ളം . ഇനിയും കാണാമെന്ന് പ്രിയപ്പെട്ടവർ പറയും പോലെ.... മഴ പെയ്ത് തീർന്നു.
സൂര്യരശ്മികൾ പതിയെ തിളങ്ങാൻ തുടങ്ങി.

ലേഖനം



P VANAJA TEACHER
(Special Educator)

# ഉൾച്ചേർന്ന വിദ്യാഭ്യാസം എന്ത്? എന്തിന്?



എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നത് ഉൾച്ചേർന്ന വിദ്യാഭ്യാസം എന്ന ആശയം നിലവിൽ വന്നതോട് കൂടിയാണ്. വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്നതോടെ 14 വയസ്സുവരെയുള്ള ഏതൊരു കുട്ടിക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം ഉണ്ട്. എങ്കിൽ ആരാണ് കുട്ടി?

18 വയസ്സ് വരെയുള്ള ഓരോരുത്തരും കുട്ടിയാണെന്നാണ് പറയുന്നത്. ഇത്തരത്തിൽ എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്നതാണ് ഉൾച്ചേർന്ന വിദ്യാഭ്യാസം.ഇവിടെ ജാതി മത വർഗ്ഗ ലിംഗ വ്യത്യാസമോ,സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കം നിൽക്കുന്നവനെന്നോ എന്നിങ്ങനെ യാതൊരു വേർതിരിവും ഇല്ലാതെ

എല്ലാവരെയും ഉൾക്കൊള്ളുന്നതായ ഒരു വിദ്യാഭ്യാസ രീതിയാണിത്.
എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് പൊതു വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഉത്തരവാദിത്തമാണ് എന്നതിൽ നിന്നുംഅത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. തുല്യനീതി തുല്യപങ്കാളിത്തം ഉറപ്പു നൽകുന്ന വിദ്യാഭ്യാസ രീതിയാണിത്.

കുറച്ചുകാലം മുമ്പ് വരെ പാർശ്വവൽക്കരിക്കപ്പെട്ട ചിലയിടങ്ങൾ പൊതു വിദ്യാഭ്യാസ മേഖലയിൽ മാറ്റിനിർത്തപ്പെട്ടവരായിട്ടുണ്ടായിരുന്നു. അതിൽ പ്രധാനപ്പെട്ട ഒരു വിഭാഗമായിരുന്നു 'ഭിന്നശേഷിക്കാർ'. 'പൊട്ടൻ','മണ്ടൻ' എന്നിങ്ങനെ പല ഓമന പേരുകളിൽ അറിയപ്പെട്ട ഇവർ പലതരത്തിലുമുള്ള അവഗണനകൾ സഹിച്ചവരായിരുന്നു. ഇവർക്കായി പ്രത്യേകം വിദ്യാലയങ്ങളും പ്രത്യേകം വിദ്യാഭ്യാസവുമെല്ലാം.ഇവരും മനുഷ്യരുമായി സാമൂഹികമായി ജീവിക്കേണ്ടവരാണ്. അല്ലായെങ്കിൽ നമ്മൾ സാമൂഹ്യജീവിയാണെന്നതിൽ പ്രസക്തിയില്ല. നമ്മൾ വിദ്യാഭ്യാസം നേടിയവരായാലും ജീവിക്കേണ്ടത് പൊതുസമൂഹത്തിലാണ്.ഈ പൊതുസമൂഹത്തിൽ ജീവിക്കേണ്ടതിന് നമുക്ക് വേണ്ടത് ഒരു പൊതു രീതിയിലുള്ള വിദ്യാഭ്യാസമാണ്. അത്തരത്തിൽ ഭിന്നശേഷി കുട്ടികളെ വാർത്തെടുക്കുന്നതിന് ഏറ്റവും അനുയോജ്യമായ രീതിയാണ് ഉൾച്ചേർന്ന വിദ്യാഭ്യാസം.
ഇവിടെ അധ്യാപകന്റെ സമീപനത്തിൽ അല്പം അനുകൂലമായ ഒരു മാറ്റം കൊണ്ട് ഭിന്നശേഷി കുട്ടികളിൽ വളരെ പ്രധാനപ്പെട്ട ചില പുരോഗതികൾ കൊണ്ടുവരാൻ നമുക്ക് കഴിയും.ചില മാറ്റങ്ങൾ കാണിക്കാനും ചില മാതൃകകൾ സൃഷ്ടിക്കാനും വിദ്യാലയങ്ങൾക്ക് കഴിയും;ഓരോ വിദ്യാർത്ഥിക്കും എത്തിപ്പെടാൻ കഴിയും. ഒരു സ്കൂൾ ക്യാമ്പസ്,എല്ലാവരെയും പരിഗണിക്കുന്ന ശുചിമുറികൾ,ലാബുകൾ, ലൈബ്രറികൾ, കലാകായികമേളകൾ, അക്കാദമിക അവസരങ്ങൾ തുടങ്ങിയവ ഒരുക്കി ഓരോ വിദ്യാലയങ്ങൾക്കും ഭിന്നശേഷി കൂട്ടുകാരെ കൂടെ ഉൾക്കൊള്ളാം. തന്റെ ഒരു പഠനാസൂത്രണത്തിൽ തന്റെ മുന്നിലുള്ള ഒരു ഭിന്നശേഷി കുട്ടിക്ക് എന്ത് അവസരമാണ് ഞാൻ നൽകുന്നതെന്ന് ഓരോ അധ്യാപകരും ചിന്തിച്ച് തുടങ്ങേണ്ട അവസരം അതിക്രമിച്ചിട്ടില്ലേ??..



"എനിക്ക് മനസ്സിലാവുന്ന രീതിയിൽ നിങ്ങൾക്ക് പഠിപ്പിക്കാൻ കഴിയുമോ" എന്ന് ചോദിക്കുന്ന ഒരുപറ്റം കുട്ടികൾ നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ട്. ഇവരെയെല്ലാം ഒരു പരിധി വരെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് ഉൾച്ചേർന്ന വിദ്യാഭ്യാസം.
21 തരം വിവിധ വൈകല്യമുള്ള കുട്ടികൾ, തീരദേശങ്ങളിലെയും മലയോരങ്ങളിലെയും കുട്ടികൾ,അതിഥി തൊഴിലാളികളുടെ കുട്ടികൾ ഇവരെയെല്ലാം ഉൾക്കൊള്ളുന്ന മഹത്തായ വിദ്യാഭ്യാസ രീതിയാണിത്. ഭിന്നശേഷി കുട്ടികളെ പരിചരിക്കുന്നതിനായി ഈ മേഖലയിൽ പ്രത്യേകം പരിശീലനം നേടിയ അധ്യാപകരെ നിയമിച്ചുകൊണ്ടും ഇവർക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകിക്കൊണ്ടും ഗവൺമെന്റ് ശക്തമായ നടപടികൾ ഏറ്റെടുത്തു നടത്തിവരുന്നു.

ഭിന്നശേഷി സൗഹൃദ സ്ഥലമായ കേരളം ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ കരുത്തുറ്റ മാതൃകയാണ്. ഓരോ കുട്ടിക്കും തുല്യനീതിയും തുല്യ പങ്കാളിത്തവും പ്രധാനം ചെയ്യുന്നതാവട്ടെ നമ്മുടെ ഓരോ വിദ്യാലയങ്ങളും.

കവിത



# സ്ത്രീ



FATHIMA
ZAKIYA -8A

ഈ ദിനം ഞാനൊരു
ബാലിക...
നാളെ ഞാൻ അമ്മ..!
ജീവിതം മക്കൾക്കായ്
എരിയുന്ന മെഴുക്...!

അണയാതെ തുണയായ്
തളരാതെ അമ്മ....!
കാലങ്ങൾ കഴിയവേ വിധവ.....
മക്കൾക്ക് വേണ്ടാത്ത വൃദ്ധ....

എരിഞ്ഞതെന്തിനോ....?
അണയാതിരുന്നതെന്തിനോ....?
ഉത്തരമില്ലാത്ത ചോദ്യമായ്
ചോദ്യചിഹ്നത്തിൽ പതനം..!


കഥ



FATHIMA
RIDHA MC
8F

# പ്രകാശമുള്ള മനസ്സ്

പഴയ വീട്ടിൽ നിന്ന് മനു ഒരു പുതിയ അപ്പാർട്ട്മെന്റിലേക്ക് താമസംമാറി.സാധനങ്ങൾ അടുക്കുന്നതിനിടയിൽ, അവൻ ഒരു പഴയ വാച്ച് മതിലിനു പിന്നിൽ ഒളിപ്പിച്ച നിലയിൽ കണ്ടെത്തി. അത് പൊടിപിടിച്ചിരുന്നു. പ്രവർത്തിക്കുന്നുണ്ടായിരുന്നില്ല. അവൻ ആ വാച്ച് നാട്ടിലെ ഒരു റിപ്പയർ ഷോപ്പിലേക്ക് കൊണ്ടുപോയി. ഉടമയായ ഒരു വൃദ്ധൻ വാച്ച് ശരിയാക്കി അവൻക്ക് തിരികെ നൽകി.“ ഈ വാച്ചിന് ഒരു കഥയുണ്ട്,” അദ്ദേഹം പറഞ്ഞു. നിങ്ങൾ ഇപ്പോൾ താമസിക്കാൻ വന്ന ഈ വീട്ടിൽ മുമ്പ് ഒരു പട്ടാളക്കാരൻ താമസിച്ചിരുന്നു. അയാളുടേതാണ് ഈ വാച്ച് ' അയാൾ കാശ്മീർ അതിർത്തിയിൽ വെച്ച് ശത്രുക്കളുമായുള്ള ഒരു യുദ്ധത്തിൽ കൊല്ലപ്പെട്ടതാണ് . നാട്ടിൽ നിന്നും പുറപ്പെടുമ്പോൾ തിരിച്ചു വരുമെന്ന് വാഗ്ദാനം നൽകിയാണ് പോയത് . പക്ഷേ അയാളുടെ മൃതശരീരമാണ് നാട്ടിലെത്തിയത് . പട്ടാളക്കാരന്റേതായ വസ്തുക്കളെല്ലാം ഓർമക്കായി നാട്ടിലേക്കെത്തിച്ചു. ഈ വാച്ചും അതിൽപ്പെടും . ഭർത്താവിന്റെ മരണശേഷം ഭാര്യയും മക്കളും മറ്റൊരിടത്തേക്ക് താമസം മാറ്റിയതാണ്. ആ സമയത്ത് നഷ്ടപ്പെട്ടതാവും . ചിലപ്പോൾ അയാളുടെ ഭാര്യയുടെ കയ്യിൽ നിന്ന് കളഞ്ഞു പോയതായിരിക്കാം ഇത് . "ഇത് കണ്ടെത്തിയ ആരെങ്കിലും അവിടെ എടുത്തു വെച്ചതാവും. ഏതായാലും ഇതവർക്ക് തിരിച്ചു കിട്ടിയാൽ ആ കുടുംബത്തിന് സന്തോഷമാകും . അവർ ഇപ്പോൾ എവിടെയാണെന്നറിയില്ല. " അദ്ദേഹം പറഞ്ഞു. സൈനികന്റെ കുടുംബത്തെ കണ്ടെത്തി അവർക്ക് വാച്ച് തിരികെ നൽകാൻ അവൻ തീരുമാനിച്ചു. മാസങ്ങൾ നീണ്ട തിരച്ചിലിനൊടുവിൽ സൈനികന്റെ മക്കളെ കണ്ടെത്തി. അച്ഛന്റെ വാച്ച് തിരികെ കിട്ടിയ മക്കളുടെ സന്തോഷം കണ്ട് സന്തോഷത്തോടെ മനു പുഞ്ചിരിച്ചു..പ്രിയപ്പെട്ടവരുടെ ഓർമകൾ തിങ്ങി നിൽക്കുന്ന വസ്തുക്കൾ തിരിച്ചു കിട്ടുമ്പോഴുള്ള സന്തോഷം മാത്രമല്ല , മറ്റുള്ളവരുടെ സന്തോഷത്തിന് നമ്മൾ കാരണമാകുന്നു എന്നത് നമുക്കും ഏറെ സന്തോഷം നൽകുന്ന കാര്യമാണല്ലോ...



കവിത

# കിട്ടുമ്മാവൻ



FATHIMA
SANHA PP -9C

ചെറുപയർ തോരൻ അസ്ത്രം പിന്നെ
നാരങ്ങാക്കറി മാങ്ങാക്കറിയോ
അവിയൽ, പപ്പടം, മോരും കൂട്ടി
കഞ്ഞി കുടിച്ച് വയറു നിറച്ചേ
എല്ലാ ദിനവും കിട്ടുമ്മാവൻ
വയറുനിറക്കാൻ ഓടി നടന്നു
കാലം അങ്ങനെ പോയരു നേരം
വയറുനിറക്കാൻ കാശിനു പഞ്ഞം
നിലവും വിറ്റു വീടും വിറ്റു
കാപ്പിയും കപ്പയും തിന്നു മുടിച്ചു
രണ്ടാളുടെ പണിയിവൻ ചെയ്യും
അഞ്ചാളുകളുടെ ചോറും തിന്നും
ആ തീറ്റക്കാരന് ജോലി കൊടുക്കാൻ
നാട്ടാർക്കെല്ലാം വിഷമം തന്നെ.
ഒടുവിൽ എല്ലാ ഗതിയും മുട്ടി
യാചന തുടങ്ങി മടി കൂടാതെ
വലിയൊരു വയറിനന്നം തേടി
വിടുകൾ തോറും കയറിയിറങ്ങി



ഓർമ്മ



ANSHIDA PP
9A

# വല്യുമ്മ



ആ മഴ ദിവസം ഒരിക്കലും മറക്കാനാവുന്നതല്ല.
ഒരു മഴക്കാലം ആയിരുന്നില്ലെന്നിട്ടും അന്നൊരു വേനൽ മഴ പെയ്തു.
മൂന്നു കൊല്ലം മുമ്പ് പൊടുന്നനെ പെയ്ത ഒരു മഴ ദിവസമാണ് എന്റെ പ്രിയപ്പെട്ട വല്യുമ്മ ഞങ്ങളെ വിട്ടു പിരിഞ്ഞത്
സ്നേഹനിധിയായ വല്യമ്മക്ക് ഞങ്ങൾ പേരക്കുട്ടികളുടെ സാന്നിധ്യം ഏറെ സന്തോഷം നൽകിയിരുന്നു.
പഴയ കഥകൾ പറഞ്ഞും ഗുണദോഷിച്ചും വല്യുമ്മ ഞങ്ങൾക്ക് പ്രചോദനവുമേകിയിരുന്നു.
അസുഖങ്ങളൊക്കെ ഉണ്ടായിരുന്നെങ്കിലും പെട്ടെന്നൊരു മരണം ഞങ്ങളെയെല്ലാവരേയും വിഷമത്തിലാക്കി.
രണ്ടു ദിവസമേ തീരെ വയ്യാതെ കിടന്നിട്ടുള്ളൂ..
എങ്കിലും മരണസമയത്ത് എല്ലാവരും അവിടെ എത്തിയിരുന്നു.
ശാന്തമായി ഉറങ്ങുന്ന വല്യുമ്മാക്ക് അന്ത്യചുംബനം നൽകി പുറത്ത് വരുമ്പോൾ പുറത്ത് മഴ തകർത്ത് പെയ്യുന്നുണ്ടായിരുന്നു.
രാവിലെ മുതൽക്കെ മഴയുടെ ലക്ഷണങ്ങൾ ചെറിയ രീതിയിൽ കാണിച്ചിരുന്നെങ്കിലും ഒരു വലിയ മഴ ആരും പ്രതീക്ഷിച്ചിരുന്നില്ല. പലരും കുടയെടുക്കാതെ തന്നെയാണ് വന്നിരുന്നത്.
റമളാൻ പതിനേഴായിരുന്നല്ലോ അന്ന്.
കഴിഞ്ഞ രണ്ടു റമളാൻ പതിനേഴിനും മഴയുണ്ടായിരുന്നു.
ഈ ദിവസം എന്നും മഴയുണ്ടാവുമോ..
എല്ലാവരേയും ഏറെ സ്നേഹിച്ച വല്യമ്മയുടെ വേർപ്പാടിലുള്ള സങ്കടം കൊണ്ട് പ്രകൃതി തന്നെ പൊഴിക്കുന്ന കണ്ണീരാണോ ഈ മഴ !

കഥ



FATHIMA
SANHA T -8G



# കാത്തിരിപ്പ്

മഴയുടെ സംഗീതത്തിൽ അലിഞ്ഞൊഴുകുന്ന പുഴ,കാറ്റ് താളമിടുന്ന ഇലകളുടെ നൃത്തം, പൂക്കളുടെ സുഗന്ധം ...ഇതൊക്കെ അനുഭവിച്ചാണല്ലോ മീനീക്ഷി വളർന്നത് .

എല്ലാ സൗന്ദര്യവും ഒത്തിണങ്ങിയതായിരുന്നല്ലോ അന്ന് അവളുടെ ഗ്രാമം .അച്ഛന്റെ ജോലി ആവശ്യാർത്ഥം, പഠിക്കാനുള്ള സൗകര്യങ്ങളുടെ ലഭ്യത എന്നൊക്കെ പറഞ്ഞാണ് പട്ടണത്തിൽഈ ബഹളത്തിലെത്തിയത് ' ഇവിടെത്തെ ജീവിതം യാന്ത്രികമാണ്. വിരസവുമാണ് . എന്നെങ്കിലും പഴയ ഗ്രാമത്തിന്റെ ശാന്തതയിലേക്ക് മടങ്ങിവരുമെന്നാഗ്രഹിച്ചതുകൊണ്ടാണ് ആ സ്ഥലം വിൽക്കാതെ ഇത്രയും കാലം വെച്ചത്.

പക്ഷേ ഇന്ന് തന്റെ സുന്ദര ഗ്രാമവും മലിനീകരിക്കപ്പെട്ടിരിക്കുന്നു. മരങ്ങൾ വെട്ടിനശിപ്പിച്ച് കെട്ടിടങ്ങൾ ഉയർന്നുവന്നിരിക്കുന്നു . പച്ചപ്പുകൾ അപ്രത്യക്ഷ്യമായിരിക്കുന്നു - മഴ നഷ്ടമായിരിക്കുന്നു. മണ്ണ് വരണ്ടുണങ്ങിയിരിക്കുന്നു. നാടിന്റെ പുതിയ അവസ്ഥ കണ്ട് ദുഖിച്ചിരിക്കുമ്പോൾ അവിടെ താമസിച്ചിരുന്ന മുത്തശ്ശി പറഞ്ഞു - ഈ നാട് സുന്ദരമാക്കാൻ നിങ്ങൾ മുന്നിട്ടിറക്കണം. വെട്ടിയ മരങ്ങൾക്ക് പകരം പുതിയ മരങ്ങൾ വെച്ചു പിടിപ്പിക്കണം. പുഴയും വെള്ളവും മലിനമാക്കുന്നവർക്കെതിരെ എന്തുകൊണ്ട് സമരം ചെയ്തു കൂടാ... അവരെ ശിക്ഷിക്കണം എങ്കിലേ നാട് നന്നാവൂ... മുത്തശ്ശി പറഞ്ഞതിൽ കാര്യമുണ്ടെന്ന് മിനാക്ഷിക്കു തോന്നി. നാടിന്റെ സൗന്ദര്യം തിരിച്ചു പിടിക്കാൻ തന്നാലാവുന്നത് ഞാൻ ചെയ്യും അവൾ ശപഥം ചെയ്തു. തന്നെപ്പോലെ ചിന്തിക്കുന്ന ആളുകളെ സംഘടിപ്പിച്ചു അവൾതോടുകൾ വൃത്തിയാക്കി, മണ്ണിലെ മാലിന്യങ്ങൾ നീക്കി, മരങ്ങൾ നട്ടുപിടിപ്പിച്ചു . ഇന്ന് ആ നാടിന്റെ സൗന്ദര്യം പതുക്കെ പതുക്കെ തിരിച്ചു വന്നു കൊണ്ടിരിക്കുന്നു.



യാത്ര



FATHIMA
MINHA P -9A

# കൊച്ചിയിലേക്കൊരു യാത്ര



രാവിലെ അഞ്ചു മണിക്കായിരുന്നു കോഴിച്ചന സലഫി മദ്രസയിൽ നിന്നും ഞങ്ങൾ യാത്ര പുറപ്പെട്ടത് . ബസ്സിലായിരുന്നു യാത്ര , നാല്പതോളം കുട്ടികളും ഉസ്താദ് മാരും ടീച്ചർമാരും ഉള്ള ഈ യാത്രയിലുടനീളം തണുത്ത കാറ്റ് ഞങ്ങളോടൊപ്പമുണ്ടായിരുന്നു.
തൃശൂർ മൃഗശാല, ലുലു മാൾ , കൊച്ചി മെട്രോ, പാർക്ക് തുടങ്ങിയസ്ഥലങ്ങളിലേക്കായിരുന്നു യാത്ര .8 മണിയോട് കൂടി തൃശൂരിലെത്തി. ഭക്ഷണം കഴിച്ച് ആദ്യം പോയത് മൃഗശാലയിലേക്കായിരുന്നു. തൃശൂർ നഗരമദ്ധ്യത്തിൽ 13.5 ഏക്കർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന തൃശൂർ മൃഗശാല ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള മൃഗശാലകളിലൊന്നായി കണക്കാക്കപ്പെടുന്നു. വിവിധ തരത്തിലുള്ള പക്ഷികളും മൃഗങ്ങളും ഇവിടെ സംരക്ഷിക്കപ്പെടുന്നുണ്ട്
ഇവിടത്തെ കാഴ്ചകൾ എനിക്കേറെ ആനന്ദം നൽകുന്നതായിരുന്നു.

പിന്നീട് ഞങ്ങൾ യാത്ര കൊച്ചി മെട്രോ ലക്ഷ്യം വെച്ചായിരുന്നു. തൃപ്പൂണിത്തറ മുതൽ ആലുവ വരെയാണ് കൊച്ചി മെട്രോ പാതയുള്ളത്. മൂന്ന് കോച്ചുകളാണ് ഇതിനുള്ളത് ഏകദേശം അറുനൂറു പേർക്ക് ഒരേ സമയം സഞ്ചരിക്കാൻ കഴിയും. നല്ല അനുഭവമായിരുന്നു മെട്രോ യാത്ര ഇവിടെ നിന്നാണ് ഞങ്ങൾ പിന്നെ ലുലു മാളിലേക്ക് കയറിയത് ലുലുമാളിനെ കുറിച്ച് പ്രത്യേകം പറയേണ്ടതില്ലല്ലോ.. വിവിധ തരം ഷോപ്പുകളും ഭക്ഷണശാലകളും മനോഹരമായ കാഴ്ചകളും ഉണ്ട്.അവിടന്ന് ഇറങ്ങി ഭക്ഷണ ശേഷം ഞങ്ങൾ പോയത് പാർക്കിലേക്കായിരുന്നു. അവിടെ ചെലവഴിച്ച സമയം മുഴുവൻ നല്ല രസമായിരുന്നു .
അവിടെ നിന്ന് തിരിച്ച് വീട്ടിലെത്തിയപ്പോൾ രാത്രി 9 മണി കഴിഞ്ഞിരുന്നു.
വളരെ രസകരമായ ഒരു യാത്രയായിരുന്നു..



# പ്രകൃതി -വരയും നിറവും





SIBNA
PARVEEN EV
9A




FATHIMA
MINHA
9A







SHAZIL
MOHAMED AP
8C







ANSHIDA PP
9A

NADWA PP
8E



കവിത



P JASEENA TEACHER

# അഭിവാദ്യം



തീരാതിരിക്കട്ടെ നിൻ
കുഞ്ഞു തൂലികയിലെ മഷിയും
അണയാതിരിക്കട്ടെ  നിൻ
ചിന്തയിലെ നനുത്ത ദീപവും
ജ്വലിക്കട്ടതിൻ  പ്രഭ
യുഗാന്തരങ്ങളോളം
മാറ്റൊലി കൊള്ളട്ടതിൻ
കാഹള ധ്വനികളും ,
നറു നീരായ് പടരട്ടെ
അതിലെ.. മധുരവും.



# യാത്രാമംഗളം



മുപ്പത് വർഷത്തിലധികം ഓറിയന്റൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ജീവനാഡിയായി പ്രവർത്തിച്ച പ്രിയപ്പെട്ട ഹെഡ്മാസ്റ്റർ ടി. അബ്ദുൽ റഷീദ് മാസ്റ്റർ ഈ വർഷം ഔദ്യോഗിക ജീവിതത്തിൽ നിന്നും വിട പറയുകയാണ്. സ്കൂളിന്റെ ഉന്നമനത്തിനായി നിരന്തരം പ്രയത്നിച്ച റഷീദ് മാസ്റ്റർ ലിറ്റിൽകൈറ്റ്സിന്റെ പ്രവർത്തനങ്ങളിൽ ഏറെ താൽപര്യം പ്രകടിപ്പിച്ചിരുന്ന മഹത് വ്യക്തി കൂടിയാണ്. ഹെഡ്മാസ്റ്റർ ടി അബ്ദുൽ റഷീദ് മാസ്റ്റർക്ക് തിരൂരങ്ങാടി ഓറിയന്റൽ എച്ച് എസ് എസ് ലിറ്റിൽകൈറ്റ്സ് ക്ലബിന്റെ യാത്രാമംഗളം നേരുന്നു.



## ഡിജിറ്റൽ മാഗസിൻ സമിതി

| | |
|---|---|
| ANSHIDA NK | 9A |
| SAMIR MIRSA | 9C |
| AFLAH MP | 9E |
| ASLIYA K | 8F |
| FATHIMA RIDHA MC | 8F |
| NADHA ATHIMA | 8G |
| FATHIMA SANHA T | 8G |
| P JASEENA TEACHER | |
| K SHAMSUDHEEN MASTER | |
| P RASEENA TEACHER | |

## നന്ദി

മാഗസിൻ പ്രവർത്തനങ്ങൾക്ക് പരിപൂർണ
പിന്തുണ നൽകിയ പ്രിയപ്പെട്ട
ഹെഡ്മാസ്റ്റർ
റഷീദ് മാസ്റ്റർക്ക്,
കുട്ടികളുടെ സൃഷ്ടികളെ
കൃത്യമായി വിലയിരുത്തി എഡിറ്റുചെയ്ത
പി. ജസീന ടീച്ചർക്കും മററുഅധ്യാപകർക്കും
പിന്നെ
സൃഷ്ടികൾ നൽകിയ
കൂട്ടുകാർക്ക്,
പ്രോൽസാഹനമേകിയ
എല്ലാവർക്കും.

ഡിജിറ്റൽ മാഗസിൻ സമിതി

